നെല്ലുവിലയിൽ ഐകരൂപ്യം വരുത്തേണ്ട ആവശ്യം.

275. MR. N. P. VARGHESE : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

എ. കൃഷിക്കാരുടെ പക്കൽനിന്നും പറയ്ക്ക് 6 രൂപാ വില വച്ചു ഗവണ്മെൻറ് എടുത്ത നെല്ല് ഇപ്പോൾ 11 രൂപ വച്ചു കച്ചവടക്കാർ വിൽക്കുന്നതു് ഒരു പ്രത്യേക കരം കൃഷിക്കാരനോട്ട് ഈടാക്കുന്നതിന് തുല്യമാണെന്ന ബഹു: ഭക്ഷ്യവകുപ്പ് മന്ത്രിക്കറിയാമോ ?

ബി. മേൽപ്രകാരം വില വ്യത്യാസമുള്ളതു കരിഞ്ചന്ത വർദ്ധിക്കാൻ സൗകര്യം കൊടുക്കുകയാണെന്ന ബഹു. മന്ത്രിക്കറിയാമോ ?

സി. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും കരിഞ്ചന്ത ഇല്ലാതാക്കുന്നതിനും വാങ്ങുന്ന വിലയും വിൽക്കുന്ന വിലയും തമ്മിൽ ഐകരൂപ്യം വരുത്തേണ്ടതാവശ്യമാണെന്ന ബഹു. മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

HON'BLE MR. K. M. KORAH : എ. റേഷൻ അരിയും നെല്ലും ഉപഭോക്താക്കൾക്ക് ഒരേരീതിയിലുള്ള വിലയ്ക്ക് കിട്ടത്തക്ക നിലയിൽ വില്പന വില സമപ്പെടണമെന്നുള്ളതാണ്, നെല്ലിന്റെ വില്പനവില (ഗോഡൌണിൽ) പറയ്ക്ക് മൂന്നുരൂപായായി ക്രമപ്പെടുത്തിയതിൽ ഗവണ്മെൻറിന്റെ ഉദ്ദേശം. അല്ലാതെ കൃഷിക്കാരുടെ മേൽ ഒരു പ്രത്യേക കരം ചുമത്തണമെന്നല്ല.

ബി. അറിഞ്ഞുകൂടാ. ഈ ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന അന്തരാർത്ഥം ഗവണ്മെൻറ് അംഗീകരിക്കുന്നില്ല.

സി. ഉൽപാദകൻ തന്റെ നെല്ലിന് ന്യായമായ വില കിട്ടണമെന്നും ഉപഭോക്താവിനെ സംബന്ധിച്ചിടത്തോളം അരിയുടെയും നെല്ലിന്റെയും വില്പനവിലയിൽ വ്യത്യാസം ഉണ്ടായിരിക്കരുതെന്നും മാത്രമേ ഗവണ്മെൻറിനു് ആകാംക്ഷയുള്ളൂ.

സെറ്റിൽമെൻറ് പാട്ടം അളവു്.

276. MR. N. P. VARGHESE : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

എ. പാർവത്യകാർ നെല്ലു് അളന്നെടുക്കുമ്പോൾ ക്രമാതീതമായി പൊക്കി ഇടുന്നതുകൊണ്ടു് പറയ്ക്ക് രണ്ടുനാഴിവച്ചു കൃഷിക്കാരനും,

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. P. Varghese.]

അളന്ന കച്ചവടക്കാരന കൊടുക്കുമ്പോൾ പറയുന്ന് രണ്ടുനാഴിവച്ച കച്ച വടക്കാരനും നഷ്ടംനേരിടുന്നതായി ബഹുമാനപ്പെട്ട മന്ത്രിക്കറി യാമോ ?

ബി. ഇപ്രകാരം വാങ്ങുകയും കൊടുക്കുകയും ചെയ്യുശേഷം അളവുവാശി എന്ന പേരിൽ പാർവത്യകാർ നൂറുക്ക് ഒന്നും രണ്ടും വീതം കുറവെഴുതി എടുക്കുന്നുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ?

സി. നെല്ലിന്റെ ഗുണം, ഘടന ഇവ നോക്കാതെ വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നതുകൊണ്ടു റേഷൻ നെല്ലിൽ പത്തിന് ഏ-ം, ഡ-ം വീതം ഉപയോഗശൂന്യമായ പതിരാണെന്നുള്ള വസ്തുത ബഹുമാ നപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ഡി. ഇപ്രകാരമുള്ള നഷ്ടങ്ങൾ വരാതെയിരിക്കുന്നതിനുവേണ്ടി നെല്ലു തൂക്കിവാങ്ങുകയും കൊടുക്കുകയും ചെയ്യണമെന്ന് ഒരു നിർദ്ദേശം കൊടുക്കാൻ ദയവുണ്ടാകുമോ ?

HON'BLE MR. K. M. KORAH : എ. അറിഞ്ഞുകൂടാ.

ബി. അളവുവാശി എടുക്കുന്നില്ല. എന്നാൽ ചുരുക്കം ചില സന്ദർഭങ്ങളിൽ ഉണക്കുകുറവുനിമിത്തം ഏകദേശം രണ്ടുശതമാന ത്തോളം വകവച്ചു കൊടുക്കാറുണ്ട്.

സി. ഇല്ല.

ഡി. ആലോചിക്കുന്നതാണ്.

റൈസുമില്ലുകൾ.

277. MR. N. P. VARGHESE : താഴെ പറയുന്ന ചോദ്യത്തിന് ബഹു മാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ ?

നെല്ലുകുത്തി കിട്ടുന്നതിന് കൂലിക്കാരെ കിട്ടുന്നതിനുള്ള വിഷ യമായി പരിഗണിച്ച് റൈസ്മില്ലുകൾ നടത്തുന്നതിന് അനുവാദം കൊടുക്കുന്നതിന് പ്രധാനമന്ത്രിക്കു ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH : ഭക്ഷ്യക്ഷാമം ബാധിച്ചപ്പോഴാണ് നെല്ലു കൈകൊണ്ടു കുത്തി എടുക്കുന്നതുമൂലം കൂടുതൽ അരി കിട്ടുമെന്നും ആ അരി കൂടുതൽ പോഷകാംശമായിരിക്കുമെന്നും ഉള്ള കാരണങ്ങളെ അടിസ്ഥാനമാക്കി മില്ലുകൾമുഖാന്തരം നെല്ലുകുത്തുന്നതിനെ നിരോധി

LIBRARY ARCHIVES Kerala Legislative Assembly